**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

04.12.2015-ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1745

**റദ്ദാക്കിയ പുതിയ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ടി.എം.തോമസ് ഐസക്<br>ശ്രീ.കെ.രാധാകൃഷ്ണൻ<br>ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.കെ.കെ.നാരായണൻ | | ഡോ.എം.കെ. മുനീർ<br>(പഞ്ചായത്തും, സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് 69 പുതിയ പഞ്ചായത്തുകൾക്ക് രൂപം നൽകിയതും, തിരുവനന്തപുരം, കോഴിക്കോട് കോർപ്പറേഷൻ വിഭജിച്ച് മുനിസിപ്പാലിറ്റികൾക്ക രൂപം നൽകിയതും റദ്ദാക്കിയ കേരള ഹൈക്കോടതി വിധികൾക്കെതിരെ അപ്പീൽ നൽകാൻ തീരുമാനം എടുത്തത് ഏത് തലത്തിലായിരുന്നു; ഇതിനായി നിയമോപദേശം തേടുകയുണ്ടായോ; നിയമോപദേശം എന്തായിരുന്നു; വിശദമാക്കുമോ; | എ) | സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച പഞ്ചായത്തുകൾ/മുനിസിപ്പാലിറ്റികൾ . റദ്ദ ചെയ്ത കേരള ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ നൽകാൻ തീരുമാനം എടുത്തത് സർക്കാർ തലത്തിലായിരുന്നു. ടി വിഷയത്തിന്മേൽ നിയമോപദേശം തേടിയിട്ടില്ല. |
| ബി) | പ്രസ്തുത പ്രശ്നത്തിൽ മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ ആരെല്ലാം പങ്കെടുക്കുകയുണ്ടായി; പ്രസ്തുത യോഗത്തിൽ തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിലപാട് എന്തായിരുന്നു; പ്രസ്തുത യോഗത്തിന്റെ മിനിട്സിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കുമോ? | ബി) | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിന്റെ സുഗമമായ നടത്തിപ്പുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി, യോഗം വിളിച്ചു ചേർക്കുകയുണ്ടായി. യോഗത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിലെ മന്ത്രിമാർ, പൊതുമരാമത്ത്, ഐ.റ്റി വകുപ്പ് മന്ത്രിമാർ, ഇലക്ഷൻ കമ്മീഷൻ, ഡീലിമിറ്റേഷൻ കമ്മീഷൻ അംഗങ്ങൾ മുതലായവർ പങ്കെടുത്തു. പ്രത്യേക മിനിട്സ് സൂക്ഷിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ